സഹദാനാദം

പെരുന്നാൾ സ്പെഷ്യൽ പതിപ്പ്

സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി

കുറ്റിയാനി – റാന്നി (നിലയ്ക്കൽ ഭദ്രാസനം)

സ്ഥാപിതം: 1928

2023 മെയ് 4,5

കുറ്റിയാനി പള്ളി പെരുന്നാൾ

✠ പെരുന്നാൾ കൊടിയേറ്റ് ✠ വി. മൂന്നിന്മേൽ കുർബ്ബാന ✠ ചെമ്പിൽ അരിയിടീൽ ✠ പ്രദക്ഷിണം ✠ ശ്ലൈഹീക വാഴ്വ് ✠ വാദ്യമേളങ്ങളുടെ ഡിസ്പ്ലേ ✠ ചെമ്പെടുപ്പ് ✠ സുറിയാനി കുർബ്ബാന ✠ വെച്ചൂട്ട് ✠

The Malankara Orthodox Syrian Church
CATHOLICATE OF THE EAST
Diocese of Nilackal

Dr.Joshua Mar Nicodimos
Diocesan Metropolitan
Mob:9446600671

Nilackal Orthodox Diocesan Centre
St.Thomas Aramana
Pazhavangadi P.O., Ranni, Pin- 689673
Pathanamthitta Dist, Kerala, India
Tel : 04735 -224477
e-mail : nilackaldiocese@gmail.com

OL 29/2023 **April 17, 2023**

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കുറ്റിയാനി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകാംഗങ്ങൾക്കും ദൈവവിശ്വാസികളായ ഏവർക്കും വാഴ്വ്.

പ്രിയരെ,

കുറ്റിയാനി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയുടെ 95-ാമത് പെരുന്നാൾ മെയ് 4, 5 തീയതികളിൽ നടത്തുകയാണല്ലോ. പെരുന്നാളിനോടനുബന്ധിച്ച് ഇടവക യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഒരു സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നതിലുള്ള നമ്മുടെ സന്തോഷം അറിയിക്കുന്നു.

ശതാബ്ദിയിലേക്ക് അടുക്കുന്ന ഇടവകയ്ക്ക് ശതാബ്ദി സ്മാരക മന്ദിരം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ വസ്തു വാങ്ങുന്നതിനും ദേവാലയത്തിന് ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സാധിച്ചതിലും ഏപ്രിൽ 28-ന് അതിന്റെ ശുദ്ധീകരണം നടത്തുവാൻ സാധിക്കുന്നതിലും ദൈവത്തെ സ്തുതിക്കുന്നു. ഇടവകയുടെ അനുഗ്രഹകരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഇടവക വികാരി ബഹു.സോബിൻ സാമുവേൽ അച്ചനെയും ഭരണസമിതി അംഗങ്ങളെയും യുവജനപ്രസ്ഥാനാംഗങ്ങളെയും ഇടവകാംഗങ്ങളെയും പ്രത്യേകം അനുമോദിക്കുന്നു.

കഴിഞ്ഞ 95 വർഷങ്ങളായി ഇടവകയെ അനുഗ്രഹകരമായി നയിച്ച എല്ലാ ആചാര്യ ശ്രേഷ്ഠന്മാരെയും ഇടവകയുടെ പ്രവർത്തനങ്ങളിൽ പ്രാർത്ഥനാപൂർവ്വം ഭാഗഭാക്കായ എല്ലാ ഇടവകാംഗങ്ങളെയും നന്ദിയോടെ ദൈവസന്നിധിയിൽ സ്മരിക്കുന്നു.

വി.ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ സ്ഥാപിതമായിരിക്കുന്ന ഈ ദേവാലയം റാന്നി ദേശത്തിനും കുറ്റിയാനി പ്രദേശത്തിനും ആത്മീയ പ്രഭ ചൊരിയട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ!

Mar Nicodimos

ഡോ.ജോഷ്വാ മാർ നിക്കോദീമോസ്
മെത്രാപ്പോലീത്ത

ക്ഷണക്കത്ത്

മലയോര നാടിന്റെ റാണി എന്നറിയപ്പെടുന്ന, പമ്പയാറിന്റെ തീരങ്ങളെ പുൽകുന്ന റാന്നിയിൽ വി. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിതമായ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു ദൈവാലയമാണ് കുറ്റിയാനി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച്. 1928-ൽ തെങ്ങുംതോട്ടത്തിൽ വന്ദ്യ റ്റി.എസ്. ഏബ്രഹാം കോർ എപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ ഇടവക സ്ഥാപിതമായി. വിവിധ കാലഘട്ടങ്ങളിൽ ദൈവാലയത്തിനാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തപ്പെട്ടു. 2010 വരെ തുമ്പമൺ ഭദ്രാസനത്തിൽ ഉൾപ്പെട്ടിരുന്ന ഈ ഇടവക, 2010 ഓഗസ്റ്റ് 15 ന് നിലയ്ക്കൽ ഭദ്രാസനം രൂപീകൃതമായപ്പോൾ മുതൽ നിലയ്ക്കൽ ഭദ്രാസനത്തിന്റെ ഭാഗമായി നിലകൊള്ളുന്നു.

ഈ ദൈവാലയത്തിന്റെ പ്രധാന പെരുന്നാൾ മെയ് 4, 5 തീയതികളിലായി നടത്തപ്പെടുന്നു. നാനാജാതിമതസ്ഥരായ അനേകം വിശ്വാസികൾ നേർച്ചകാഴ്ചകളുമായി പെരുന്നാളിൽ വന്ന് സംബന്ധിച്ചു അനുഗ്രഹം പ്രാപിക്കുന്നു. പള്ളിയുടെ പടിഞ്ഞാറുവശത്ത് സ്ഥാപിച്ചിരിക്കുന്ന വി. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിലുള്ള കുരിശടി നാനാജാതിമതസ്ഥർക്ക് ഒരു ആശ്രയകേന്ദ്രമാണ്. വി. ഗീവർഗ്ഗീസ് സഹദായെ ദേശത്തിന്റെ മദ്ധ്യസ്ഥനായി ഏവരും കരുതുന്നു. വിശുദ്ധന്റെ മദ്ധ്യസ്ഥതയിലുള്ള അത്ഭുത പ്രവർത്തനങ്ങൾ ഈ പ്രദേശത്തെ എല്ലാവിശ്വാസികളും അനുഭവിച്ചിട്ടുള്ളതാണ്. വി. ഗീവർഗ്ഗീസ് സഹദായുടെ മദ്ധ്യസ്ഥത നമുക്കേവർക്കും കാവലും കോട്ടയുമായി തീരട്ടെ.

95-ാമത് പെരുന്നാൾ ആഘോഷിക്കുന്ന ഇടവക കഴിഞ്ഞ വർഷം മുതൽതന്നെ ശതാബ്ദിയുടെ ഒരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ശതാബ്ദി സ്മാരക മന്ദിരം നിർമ്മിക്കുവാനായി ദൈവാലയത്തിനു പടിഞ്ഞാറുവശത്തായി 30 സെന്റ് സ്ഥലം വാങ്ങിക്കുവാൻ സാധിച്ചു. ചാരിറ്റി പ്രവർത്തനത്തിനു എപ്പോഴും മുൻതൂക്കം നൽകുന്ന ഇടവക നാളിതുവരെയായി നിരവധി ഭവനങ്ങൾ നിർമ്മിച്ച് ഭവനരഹിതർക്കു നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷവും ഭവനം നൽകുവാൻ സാധിച്ചു. അതോടൊപ്പം നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

തന്നാണ്ടിൽ ദൈവാലയത്തിന് ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തി. പള്ളിയുടെ പടിഞ്ഞാറുവശത്തായി തേവർവേലിൽ ശ്രീ. ജോഷ്വായും കുടുംബവും ഒരു സെന്റ് സ്ഥലം ദാനമായി നൽകിയതു മൂലം ദൈവാലയപൂമുഖം കൂടുതൽ ഭംഗിയായി നവീകരിക്കുവാൻ സാധിച്ചു. യുവജനപ്രസ്ഥാന അംഗങ്ങളുടെ നേതൃത്വത്തിൽ ദൈവാലയ പൂമുഖം പാനൽ ചെയ്ത് വി. ദൈവമാതാവിന്റെയും വി.ഗീവർഗ്ഗീസ് സഹദായുടെയും ചിത്രങ്ങൾ മദ്ധ്യസ്ഥതയ്ക്കായി പ്രതിഷ്ഠിക്കുകയും, വി. മദ്ബഹായും ഹൈക്കലായും പാനലിംങ്ങ് പൂർത്തീകരിച്ച് ഭംഗിയാക്കുകയും ചെയ്തു. ആയതിന്റെ കൂദാശ കർമ്മം 2023 ഏപ്രിൽ 28 വൈകിട്ട് അഭിവന്ദ്യ ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഇടവക യുവജനപ്രസ്ഥാനത്തെ അഭിനന്ദിക്കുന്നു.

95 വർഷക്കാലം ഇടവകയെ ദൈവം കാത്തുപരിപാലിച്ച കൃപയ്ക്കായി സ്തോത്രം ചെയ്യുന്നു. നേതൃത്വം നൽകിയ വാങ്ങിപ്പോയ എല്ലാ ആചാര്യ ശ്രേഷ്ഠരെയും പ്രത്യേകാൽ ഇടവകാംഗങ്ങളായ ഭാഗ്യസ്മരണാർഹരായ അഭി. ഗീവർഗ്ഗീസ് മാർ ദിയസ്കോറോസ് മെത്രാപ്പോലീത്തായെയും, പുതുവയിൽ പി. കെ. സക്കറിയ അച്ചനെയും അനുസ്മരിക്കുന്നു. ഇടവകയ്ക്കുവേണ്ടി വിവിധ കാലങ്ങളിൽ പ്രവർത്തിച്ചു ദൈവസന്നിധിയിലേയ്ക്കു വാങ്ങിപ്പോയ സകല പൂർവ്വികരെയും ഓർക്കുന്നു. ഇപ്പോൾ ഇടവകയ്ക്ക് നേതൃത്വം നൽകുന്ന ട്രസ്റ്റി ശ്രീ. ജഗൻ തേവർവേലിൽ, സെക്രട്ടറി ശ്രീ. മാത്യു സ്കറിയ തെള്ളിയിൽ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ആത്മീയ പ്രസ്ഥാന ചുമതലക്കാർ, ഇടവകാംഗങ്ങൾ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

30-04-2023 ഞായർ

7.00 എ.എം. : പ്രഭാതനമസ്കാരം
8.00 എ.എം. : വി. കുർബ്ബാന
അഭി. ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ
(അഹമ്മദാബാദ് ഭദ്രാസനം)
10.00 എ.എം.: പെരുന്നാൾ കൊടിയേറ്റ്

04-05-2023 വ്യാഴം

6.45 എ.എം. : പ്രഭാതനമസ്കാരം
7.30 എ.എം. : വി. കുർബ്ബാന
വെരി. റവ. തോമസ് പോൾ റമ്പാൻ
(വികാരി, മാർത്തോമ്മൻ ചെറിയപള്ളി, കോതമംഗലം)
9.00 എ.എം. : ചെമ്പിൽ അരിയിടീൽ
6.00 പി.എം. : സന്ധ്യാനമസ്കാരം
അഭി. ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്താ
(നിലയ്ക്കൽ ഭദ്രാസനം)
7.00 പി.എം. : പ്രദക്ഷിണം (ദൈവാലയത്തിൽ നിന്നും ആരംഭിച്ച് ചരുവിൽ പടി, നസ്രേത്ത് പള്ളിപടി, ഏബനേസർ സ്കൂൾവഴി ദൈവാലയത്തിലേക്ക്
9.00 പി.എം. : ശ്ലൈഹീക വാഴ്വ്
ആകാശദീപകാഴ്ച,
വാദ്യമേളങ്ങളുടെ ഡിസ്പ്ലേ

05-05-2023 വെള്ളി

7.00 എ.എം. : പ്രഭാതനമസ്കാരം
8.00 എ.എം. : വി. മൂന്നിന്മേൽ കുർബ്ബാന
അഭി. ഡോ. യൂഹാനോൻ മാർ ദിമത്രയോസ് മെത്രാപ്പോലീത്തായുടെ
(ഡൽഹി ഭദ്രാസനം)
മുഖ്യകാർമ്മികത്വത്തിലും
റവ. ഫാ. ഷൈജു കുര്യൻ,
റവ. ഫാ. എബി വർഗ്ഗീസ്
എന്നീ വൈദീകരുടെ
സഹകാർമ്മികത്വത്തിലും
9.30 എ.എം. : പെരുന്നാൾ സന്ദേശം
10.00 എ.എം.: പ്രദക്ഷിണം, ചെമ്പെടുപ്പ്
10.30 എ.എം.: ശ്ലൈഹീക വാഴ്വ്, കൈമുത്ത്, നേർച്ചവിളമ്പ്
6.00 പി.എം. : സന്ധ്യാനമസ്കാരം

07-05-2023 ഞായർ

7.00 എ.എം. : പ്രഭാതനമസ്കാരം
8.00 എ.എം. : വി. കുർബ്ബാന (സുറിയാനി)
റവ. ഫാ. കുറിയാക്കോസ് വർഗീസ്
(മാർ അന്തോണിയോസ് ആശ്രമം, മല്ലപ്പള്ളി)
10.00 എ.എം.: വെച്ചൂട്ട്, കൊടിയിറക്ക്

ഈ വർഷത്തെ പെരുന്നാളിനോടനുബന്ധിച്ച് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സപ്ലിമെന്റ് ഇറക്കുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. ഇതിനുവേണ്ടി പ്രയത്നിച്ച യുവജനപ്രസ്ഥാന അംഗങ്ങളോടും പരസ്യം നൽകി സഹായിച്ച ഏവരോടുമുള്ള നന്ദി അറിയിക്കുന്നു.

ഈ വർഷത്തെ പെരുന്നാൾ ശുശ്രൂകളിലേയ്ക്ക് നാനാജാതി മതസ്ഥരായ ഏവരേയും സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു.

ഫാ. സോബിൻ സാമുവേൽ
(ഇടവക വികാരി)

നവമാധ്യമ സ്വാധീനത്തിൽ ഇന്നത്തെ യുവതലമുറ

ഫാ. ഷൈജു കുര്യൻ, നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി

ആധുനിക കാലഘട്ടത്തിൽ വളർന്നു വരുന്ന യുവതലമുറയെ ഏറ്റവും അധികം സ്വാധീനിക്കുന്നത് ദൃശ്യമാധ്യമങ്ങളാണ് അവയിൽ പ്രത്യേകിച്ചും സാമൂഹ്യ മാധ്യമങ്ങൾ. മാധ്യമങ്ങളിലൂടെ ലഭിക്കുന്ന വാർത്തകളിൽ നല്ല വാർത്തകൾ ശ്രദ്ധിക്കപ്പെടാതിരിക്കുകയും തെറ്റായ വാർത്തകളിൽ ആകൃഷ്ടരാകുകയും ചെയ്യുന്നതാണ് യുവമനസ്സ്. നമ്മുടെ വീടിന്റെ ചുമരുകൾ നൽകുന്ന സുരക്ഷിതത്വത്തിൽ ലോകത്തെ നാം മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും ഒക്കെ പിൻബലത്തിൽ നമ്മുടെ വിരൽതുമ്പിൽ നിയന്ത്രിക്കുമ്പോൾ അതാണ് ആധുനിക യുവതലമുറയുടെ ദുരന്തം. നാം ജീവിതത്തിന്റെ ഉപരിപ്ലവമായ സുഖങ്ങൾ തേടുമ്പോൾ ചിന്തിക്കുവാനും പ്രവൃത്തിക്കുവാനും ജീവിതത്തെ ജീവിതം ആക്കുവാനുമുള്ള ശ്രമങ്ങൾ നമുക്ക് അന്യം ആകുകയാണ് ചെയ്യുന്നത്.

ദൃശ്യപത്രമാധ്യമങ്ങൾ ഇന്ന് വൻ വ്യവസായമാണ്. രാഷ്ട്രീയ ഗതിവിഗതികളെയും മനുഷ്യന്റെ ജീവിത ക്രമീകരണങ്ങളെയും സ്വാധീനിക്കാൻ കഴിയുന്ന ദൃശ്യമാധ്യമങ്ങൾ പലപ്പോഴും നന്മയുടെ വഴികൾ വിട്ട് തിന്മയുടെ പാതയിലേക്ക് യുവമനസ്സുകളെ കൊണ്ടുചെന്ന് എത്തിക്കാറുണ്ട്. സേവനമാണ് എന്റെ മതമെന്ന് പറഞ്ഞ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയിൽ നിന്നും സേവിക്കലാണ് ഞങ്ങളുടെ മതമെന്ന് പറയുന്ന ആധുനിക ജനങ്ങളിൽ മൂല്യ തകർച്ച നമുക്ക് ദർശിക്കാവുന്നതാണ്. കാരണം നമുക്ക് ഇന്ന് മാതൃകകൾ ഇല്ലാതാകുന്നു. പരസ്യത്തിലെ സുന്ദരനും സുന്ദരിയും നമ്മുടെ മാതൃകകളാണ്. ഒരു നിമിഷം പോലും സ്വതന്ത്രമായി ചിന്തിക്കുവാൻ അനുവദിക്കാതെ കാഴ്ചകൾക്ക് പുറമെ നടക്കുവാൻ ഒരു സമൂഹത്തെ പ്രേരിപ്പിക്കുന്ന പരസ്യ തന്ത്രം. ഇന്ന് മാധ്യമങ്ങൾ നൽകുന്നത് ആത്യന്തികമായ അറിവുകൾ അല്ല. മികച്ച ജീവിത സുഖങ്ങൾ എങ്ങനെ കൈവശപ്പെടുത്താം എന്നതിനുള്ള തന്ത്രമാണ്.

മാധ്യമങ്ങളെ നിരോധിക്കണമെന്നല്ല നല്ലതിനെ കാണാനും അല്ലാത്തതിനെ തിരസ്കരിക്കാനും ഉള്ള കഴിവ് യുവതലമുറകൾ ആർജ്ജിക്കേണ്ടി ഇരിക്കുന്നു. അതിനായി ആത്മീയ സാക്ഷരതയാണ് അനിവാര്യമായി നാം ആർജ്ജിക്കേണ്ടത്. യൗവ്വനത്തിൽ തന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക എന്ന തിരുവചനം ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ആത്മ ബോധത്തോടെ സഭയ്ക്കും സമൂഹത്തിനും ഉത്തമ തലമുറയാകുവാൻ യുവതലമുറ ശ്രമിക്കണം. ശാസ്ത്രജന്യമായ മനുഷ്യന്റെ ഭൗതിക പുരോഗതി 'മിസൈൽ' വേഗത്തിൽ നീങ്ങുമ്പോൾ അവന്റെ ആത്മീക ബോധം കേവലം കാളവണ്ടിയുടെ വേഗതയിലാണ് ഇന്ന് ഇഴഞ്ഞു നീങ്ങുന്നത്. ശാസ്ത്രത്തിന്റെ വളർച്ചയും ആത്മീയ ബോധവും തമ്മിൽ ഇന്നുണ്ടായിരിക്കുന്ന ഈ നികത്താനാവാത്ത വിടവ് ഇല്ലാതാക്കുവാൻ ദൈവീക ദർശനങ്ങൾ യുവമനസ്സിലേക്ക് പകർന്നു നൽകുവാൻ നവമാധ്യമങ്ങൾക്ക് കഴിയണം.

ഒരു ജീവിത ചക്രത്തിലെ ഏറ്റവും ഉജ്ജ്വലമായ കാലഘട്ടമാണ് യൗവനം. ആ നല്ല കാലഘട്ടത്തെ നന്മയിലേക്ക് നയിപ്പാൻ ദൃശ്യമാധ്യമങ്ങളിലെ കേൾവികളും കണ്ടെത്തലുകളും ഉതകണം. അറിവെന്ന വ്യാജേന സാമൂഹ്യ മാധ്യമങ്ങൾ അനുദിനം നമ്മുടെ അഭിരുചികളെ സ്വാധീനിക്കുകയും നമ്മെ തലയില്ലാത്ത മനുഷ്യരാക്കുകയും ചെയ്യുന്നു. ഇതിന്റെ ഇരയാകുന്നവർ കൂടുതലും യുവാക്കളാണ്. കാരണം ചിന്തയെക്കാൾ വികാരം ഭരിക്കുന്ന കാലത്താണ് യൗവനം എന്നതുതന്നെ. ഫ്രഞ്ചുനോവലിസ്റ്റായ ആൽബ്രട്ട് കമുവിന്റെ ഒരു കഥാപാത്രം പറയുന്നുണ്ട്. "ഞാൻ വളരെ കാലമായി എന്റെ ശത്രുവിനെ അന്വേഷിച്ചു നടന്നു. ഒടുവിൽ അയാളെ എനിക്ക് പിടി കിട്ടി. അത് ഞാൻ തന്നെയാണ്". ഇതാണ് ഇന്നത്തെ യുവത്വത്തിന്റെ അവസ്ഥ.

നമ്മുടെ സഭയിലെ യുവജനപ്രസ്ഥാന അംഗങ്ങളും വിദ്യാർത്ഥി പ്രസ്ഥാനം പ്രവർത്തകരും സാമൂഹ്യ മാധ്യമങ്ങളിലെ തെറ്റായ വാർത്തകളിൽ ആകൃഷ്ടരാകാതെ നമ്മെ തന്നെ സൂക്ഷിക്കണം. വളരുന്ന തലമുറയിൽ തളരുന്ന മനസ്സുകളുടെ ഉടമകളായി തീരുവാൻ ആധുനിക മാധ്യമ സംസ്കാരം നമ്മെ ഇടയാക്കരുത്. നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാന അംഗങ്ങൾ വിശിഷ്യ കുറ്റിയാനി സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനം അംഗങ്ങൾ നല്ല മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവരാണ് എന്നതിൽ അവരെ അഭിനന്ദിക്കുന്നു. നവമാധ്യമങ്ങളിലെ തെറ്റായ പഠിപ്പിക്കലുകളിലെ ചുഴികളിൽ അകപ്പെടാതെ വരും തലമുറയെ നമുക്ക് കാത്ത് സൂക്ഷിക്കാം. ദൈവം നമ്മെ ഏവരെയും ശക്തീകരിക്കട്ടെ! ■

ഓർത്തഡോക്സ് സഭ: വിശ്വാസവും ആരാധനയും

ഡീ. ജോബി ജോസഫ് ജോർജ്ജ് (ഇടവകാംഗം)

ദൈവത്തെ സേവിച്ചും ആരാധിച്ചും ജീവിക്കുവാനും ദൈവസ്നേഹത്തെയും ദൈവവചനത്തേയും ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുവാനും ദൈവത്താൽ വിളിക്കപ്പെട്ട കൂട്ടമാണ് പരിശുദ്ധ സഭ. യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു എന്ന വിശ്വാസ പ്രമാണമാണ് സഭയുടെ അടിസ്ഥാനം. ക്രിസ്തീയ സഭകളിൽ ഓർത്തഡോക്സ് സഭകൾക്ക് അതിന്റേതായ തനിമയും പാരമ്പര്യവും ഉണ്ട്. ആദിമ നൂറ്റാണ്ടുകളിലെ വിശ്വാസവും പാരമ്പര്യവും ആരാധനയും വലിയ മാറ്റങ്ങൾ കൂടാതെ സംരക്ഷിച്ചു വരുന്ന സഭകൾ എന്ന അർത്ഥത്തിൽ ആണ് "ഓർത്തഡോക്സ് സഭകൾ" ഈ പേര് സ്വീകരിച്ചുവരുന്നത്. "സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം" എന്നും "നേരായ ആരാധനയുള്ള സഭ" എന്നും ഓർത്തഡോക്സ് സഭകളെ വിശേഷിപ്പിച്ചു പോരുന്നു. ഓർത്തഡോക്സ് സഭകൾ പുരാതനമായ അപ്പൊസ്തോലിക സഭയുടെ പിന്തുടർച്ചയാണ്. ജഡധാരണം ചെയ്ത ദൈവപുത്രനായ ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ അപ്പൊസ്തോലന്മാരിൽ നിന്നും രൂപപ്പെട്ടതും സഭാപിതാക്കന്മാരിലൂടെ തലമുറകളിലേക്ക് പകർന്നു നൽകിയതുമാണ് സഭയുടെ വിശ്വാസ പാരമ്പര്യങ്ങൾ. എല്ലാ ഓർത്തഡോക്സ് സഭകൾക്കും ദേശം, ഭാഷ, സംസ്കാരം എന്നിവയ്ക്ക് അനുസ്യൂതമായ ഒരു തദ്ദേശീയ ചുറ്റുപാടുണ്ട്. മലങ്കര ഓർത്തഡോക്സ് സഭയും ഇത്തരത്തിൽ പൂർണ്ണമായും ദേശ-ഭാഷ-സംസ്കാരങ്ങൾ എന്നിവയാൽ സമ്പന്നമാണ്. പിതാവും പുത്രനും പരിശുദ്ധ റൂഹായുമാകുന്ന ത്രിയേക ദൈവ വിശ്വാസമാണ് സഭയുടെ കാതൽ. നമ്മുടെ അറിവിനും ബുദ്ധിക്കും അപ്പുറമായി കാണപ്പെടുന്നതും കാണപ്പെടാത്തതുമായ സകലത്തിന്റെയും സ്രഷ്ടാവായ ദൈവത്തെ ആരാധിക്കുന്നതിലൂടെയാണ് വിശ്വാസം വളർന്നു വരുന്നത്. ജീവനോടിരിക്കുന്ന വിശ്വാസികളുടെ കൂട്ടായ്മ മാത്രമാണ് സഭ എന്ന് ആധുനിക നവീകരണ സഭകൾ പഠിപ്പിക്കുമ്പോൾ ഈ ലോക ജീവിതത്തിൽ നിന്നും വാങ്ങിപ്പോയവരും, ജീവനോടെ ഇരിക്കുന്നവരും ഇനിയും വരുവാനിരിക്കുന്നവരുമായ എല്ലാവരും ഒത്തുചേരുന്ന വിശുദ്ധ സമൂഹമാണ് സഭ എന്ന് ഓർത്തഡോക്സ് വിശ്വാസം പഠിപ്പിക്കുന്നു. മാമോദീസായിലൂടെ ക്രിസ്തുവിൽ ജനിച്ച എല്ലാവരും ക്രിസ്തു എന്ന തലയോളം വളരണം എന്നതിനാലാണ് സഭ നിരന്തരമായ പ്രാർത്ഥനയും കൂദാശകളും ശക്തമായി നിഷ്കർഷിക്കുന്നത്. ദൈവം മനുഷ്യനായിത്തീർന്നത് മനുഷ്യനെ ദൈവത്തെപ്പോലെ ആക്കിത്തീർക്കുക (തൻ സാമ്യം നാം പൂണ്ടിടുവാൻ നമ്മുടെ സാമ്യമവൻ പൂണ്ടു) എന്ന ലക്ഷ്യത്തോടെയാണ് എന്ന് സഭ പഠിപ്പിക്കുന്നു. മനുഷ്യൻ ദൈവത്തിന്റെ രൂപവും സാദൃശ്യവുമാണ്. അതിന്റെ പരിപൂർണതയാണ് ക്രിസ്തുവിൽ വെളിപ്പെടുന്നത്. ഈ സമ്പൂർണ്ണമായ മാതൃകയിലേക്കാണ് മനുഷ്യൻ വളരേണ്ടത്, അതിലേക്കാണ് വിശ്വാസം നയിക്കേണ്ടത്. വിശ്വാസത്തിന്റെ ആഴവും അർത്ഥവും ഈ പരിപൂർണ്ണതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഓർത്തഡോക്സ് സഭയുടെ ആരാധന അതിന്റെ ജീവശ്വാസമാണ്. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള സംസർഗം പരിപൂർണ്ണമാക്കുന്ന മാധ്യമമായി ആരാധന സഭയിൽ നിലനിൽക്കുന്നു. ദുഃഖവും മുറവിളിയും ഇല്ലാത്ത, ദൈവരാജ്യ സന്തോഷം പകരുന്ന ആരാധനയാണെന്നതാണ് ഭയവും പാപബോധവും നിറഞ്ഞ ആരാധനകളിൽ നിന്നും ഓർത്തഡോക്സ് സഭയെ വ്യത്യസ്തമാക്കുന്നത്. ഇത് വിശ്വാസികൾക്ക് സ്വർഗീയ സന്തോഷം പ്രദാനം ചെയ്യുന്നു. മനുഷ്യന്റെ സമ്പൂർണ്ണമായ രൂപാന്തരമാണ് ഓർത്തഡോക്സ് ആരാധനയുടെ ലക്ഷ്യം. ശക്തമായ വേദ ശാസ്ത്ര ദർശനങ്ങളെ ഏറെ ലളിതവും സുന്ദരവുമായി സഭയുടെ ആരാധനകളിൽ അവതരിപ്പിക്കുന്നു. ത്രിത്വം, മനുഷ്യാവതാരം, കുരിശിലൂടെയുള്ള വീണ്ടെടുപ്പ്, പുനരുത്ഥാനം, രണ്ടാം വരവ്, രക്ഷാപ്രതീക്ഷ, പരിശുദ്ധസഭ, ദൈവ മാതാവ്, പരിശുദ്ധന്മാർ, വിശ്വാസികളായ പരേതർ തുടങ്ങിയ ക്രിസ്തീയ വിശ്വാസത്തിന്റെ എല്ലാ മർമ്മങ്ങളും, ലളിതവും സുന്ദരവുമായി ആരാധനകളിൽ വിവരിക്കുന്നു. ദൈവവുമായി മനുഷ്യനെ സംയോജിപ്പിക്കുന്ന പാലമാണ് ആരാധന. ആരാധനയിലൂടെ മനുഷ്യനും ദൈവവുമായുള്ള സംയോജനവും പരസ്പരബന്ധവും കൂടുതൽ സജീവമാകുന്നു. ഓർത്തഡോക്സ് സഭയുടെ ആരാധന ഇത്തരത്തിൽ സൗന്ദര്യാത്മകവും ദൈവീക മർമ്മങ്ങളെ ഉൾക്കൊള്ളുന്നതുമാണ്. സഭയുടെ ആരാധന ഓരോ വിശ്വാസിക്കും ദൈവത്തോട് കൂടുതൽ അടുത്തു വരുവാനും, ദൈവ സ്നേഹത്തെയും ദൈവ-മനുഷ്യ ബന്ധത്തിന്റെ സജീവതയെയും മനസ്സിലാക്കുവാനും, ഓരോ രുത്തർക്കും ദൈവ സാദൃശ്യത്തിലേക്കു വളരുവാനും സഹായിക്കുന്നു.

വിശുദ്ധ ഗീവർഗീസ് സഹദാ

റ്റിബിൻ ചാക്കോ തേവർവേലിൽ ('യുവജനം' പത്രാധിപ സമിതി അംഗം)

പാശ്ചാത്യ പൗരസ്ത്യ സഭകൾ ഒരുപോലെ വിശുദ്ധനായി അംഗീകരിക്കുന്ന ഒരു ധീര രക്തസാക്ഷിയാണ് വി. ഗീവർഗീസ് സഹദാ. സഭാചരിത്രം പരിശോധിച്ചാൽ വി. ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളികളാണ് ഭൂരിഭാഗവും. എന്നാൽ അടുത്ത സ്ഥാനം വി. ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള പള്ളികൾക്കാണ്. മലങ്കരസഭയിലെ കാര്യവും വ്യത്യസ്തമല്ല. മലങ്കരയിലെ പുരാതനങ്ങളായ പല ദൈവാലയങ്ങളും വി. ഗീവർഗീസിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടവയാണ്. കടമറ്റം, പുതുപ്പള്ളി, ചന്ദനപ്പള്ളി, എടത്വാ, ഇടപ്പള്ളി തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം.

ക്രിസ്തുവർഷം 275നും 285നും മധ്യത്തിൽ കപ്പദോക്യയിലുള്ള ഒരു റോമൻ പടത്തലവനായ ജെറോന്തിയോസിന്റെ മകനായി ഗീവർഗീസ് ജനിച്ചു. പാലസ്തീനിൽ നിന്നുള്ള പോളിക്രോണിയ ആയിരുന്നു മാതാവ്. ക്രിസ്തുമതവിശ്വാസികളായിരുന്ന മാതാപിതാക്കൾ ഗീവർഗീസിനെ ക്രിസ്തുമതവിശ്വാസത്തിൽ വളർത്തി. മാതാപിതാക്കളുടെ കാലശേഷം ഗീവർഗീസ് റോമൻ സൈന്യത്തിൽ ചേർന്നു. പുരുഷസൗന്ദര്യം, ധീരത, ബുദ്ധിശക്തി, ഹൃദയവിശാലത, ആജ്ഞാനുശക്തി ഇവയെല്ലാം ഒത്തിണങ്ങിയ ഗീവർഗീസിന് സൈന്യത്തിൽ പടിപടിയായി ഉയർച്ച ലഭിച്ചു. വിദേശരാജ്യങ്ങൾ സന്ദർശിക്കുവാനും നയതന്ത്രബന്ധങ്ങൾ നടത്തുവാനും ഗീവർഗീസ് നിയുക്തനായി. ഈ സന്ദർശനങ്ങൾ ക്രിസ്തീയ സാക്ഷ്യങ്ങൾ പ്രചരിപ്പിക്കുവാൻ പരമാവധി പ്രയോജനപ്പെടുത്തി.

ഇക്കാലയളവിൽ റോമൻ ചക്രവർത്തി ക്രൈസ്തവർക്ക് എതിരായ മതപീഠനം അഴിച്ച് വിട്ട് ക്രിസ്തീയ വിരുദ്ധ വിളംബരം പുറപ്പെടുവിച്ചു. ഈ സമയം ഇംഗ്ലണ്ട് സന്ദർശനത്തിലായിരുന്ന ഗീവർഗീസ് രാജസന്നിധിയിൽ തിരികെയെത്തി തന്റെ ക്രിസ്തുമത വിശ്വാസം പ്രഖ്യാപിച്ച്, രാജകീയ വിളംബരം വലിച്ചുകീറി തന്റെ പ്രതിഷേധം പ്രകടമാക്കി. ചക്രവർത്തിയുടെ ഇംഗിതത്തിനെതിരായി പ്രവർത്തിച്ച ഗീവർഗീസിനെ ബന്ധനസ്ഥനാക്കി കാരാഗൃഹത്തിലടച്ച് ദണ്ഡിപ്പിച്ചു.

ഈ സമയം പേർഷ്യയിലെ രാജാവായിരുന്നു ദിദിയാനാ. ഇദ്ദേഹവും ക്രിസ്ത്യാനികളെ വളരെയധികം ക്രൂരമായി പീഡിപ്പിച്ചിരുന്നു. ഡയോക്ലീഷൻ ചക്രവർത്തിയാൽ ബന്ധിതനാക്കപ്പെട്ട ഗീവർഗീസിനെ തന്റെ കാരാഗൃഹത്തിൽ നിന്നും പേർഷ്യയിലെ ദിദിയാനോസിന്റെ കൈകളിലേക്ക് മാറ്റം ചെയ്തു. ദിദിയാനോ രാജാവ് വളരെ നിഷ്ഠൂരമായാണ് ഗീവർഗീസിനോട് പെരുമാറിയത്. ഗീവർഗീസിനെ അതിനീചങ്ങളായ വിവിധ പീഢനങ്ങൾക്ക് വിധേയനാക്കി. ഈ പീഢനങ്ങൾ ഏഴര വർഷങ്ങൾ തുടർന്നു. പീഢനങ്ങൾക്ക് മുൻപിൽ ധീരാത്മാവായി നിൽക്കുന്ന ഗീവർഗീസിനെ കണ്ടപ്പോൾ അലക്സാണ്ട്രിയാ രാജ്ഞി ക്രിസ്തുവിൽ വിശ്വസിച്ചു. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച രാജ്ഞിയെ ചക്രവർത്തിയുടെ കല്പനപ്രകാരം ശിരച്ഛേദനം ചെയ്തു.

ഏഴരവർഷക്കാലം പീഢിപ്പിച്ചിട്ടും ദേവന്മാർക്ക് ബലി കഴിക്കാൻ തയ്യാറാവാതിരുന്ന ഗീവർഗീസിനെ വാൾകൊണ്ട് വെട്ടി കൊല്ലുവാൻ രാജാവ് കല്പിച്ചു. വധിക്കുന്നതിനു മുൻപ് ഗീവർഗീസ് ഇപ്രകാരം പ്രാർത്ഥിച്ചു. "രക്ഷകനായ യേശുവേ എന്റെ മദ്ധ്യസ്ഥതയിൽ ശരണപ്പെടുന്നവർക്ക്, അങ്ങ് എക്കാലവും ആശ്വാസദായകൻ ആയിരിക്കേണമേ." അപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് ഗീവർഗീസ് ഇപ്രകാരം ഒരു ശബ്ദം കേട്ടു. "ഗീവർഗീസ്, ദൈവം നിന്നിൽ സംപ്രീതനായിരിക്കുന്നു. നിന്റെ മദ്ധ്യസ്ഥതയിൽ അഭയം തേടി എന്നോട് അപേക്ഷിക്കുന്നവർക്ക് സകല അനുഗ്രഹങ്ങളും നല്കും." ഗീവർഗീസ് സ്വർഗ്ഗത്തിലേക്ക് നോക്കി കുരിശു വരച്ചു, മുട്ടുകുത്തി പ്രാർത്ഥിച്ചു. പ്രാർത്ഥനയിൽ ലയിച്ചുകൊണ്ടിരുന്ന സമയം ദിദിയാനോസിന്റെ പടയാളികൾ ഗീവർഗീസിനെ ശിരച്ഛേദനം ചെയ്തു.

ഗീവർഗീസ് രക്തസാക്ഷി മരണം പ്രാപിച്ചത് എ.ഡി. 303 ഏപ്രിൽ 23 -ാം തീയതി ആയിരുന്നു. ഗീവർഗീസിന്റെ കൂട്ടാളിയായിരുന്ന പാട്രിക്കോട്ടസ് വി. ഗീവർഗീസിന്റെ മൃതദേഹം അദ്ദേഹത്തിന്റെ മാതൃഭവനം സ്ഥിതിചെയ്തിരുന്ന പാലസ്തീനായിലെ ഡയസ്പോലീസിൽ (ലിഡ) കൊണ്ടുപോകുകയും അവിടെ അടക്കം ചെയ്യുകയും ചെയ്തു.

ഇന്നു ജാതി മത ഭേദമന്യേ സർവരാലും വി. ഗീവർഗീസ് സമാദരിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ മധ്യസ്ഥത തേടുന്നവർ പതിനായിരക്കണക്കിനായി ഉയർന്നിരിക്കുന്നു. ആ മഹാ പരിശുദ്ധന്റെ നല്ല ജീവിത മാതൃകയിൽ ജീവിക്കുവാൻ നമുക്കും ഇടയാകട്ടെ. പരിശുദ്ധ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥത നമുക്ക് ഏവർക്കും കാവലും കോട്ടയും ആയിരിക്കട്ടെ. ■

പ്രാർത്ഥനാശംസകളോടെ..

ജോസ് കെ. ഏബ്രഹാം
നിലയ്ക്കൽ ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ
Ph: 9400534047

പെരുന്നാൾ
ആശംസകളോടെ....
Thevervelil Family
Leomed Cochin
Samsun Decoration
Ph: 8606258008, 807535304
We & We
Caterers & Events
Ph: 9496806682



യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നവീകരിച്ച വി. മദ്ബഹായും ഹൈക്കലായും ദൈവാലയ പൂമുഖവും

ഫാ. സോബിൻ സാമുവേൽ
(വികാരി)

ജഗൻ തേവർവേലിൽ
(ട്രസ്റ്റി)

മാത്യു സ്കറിയ തെള്ളിയിൽ
(സെക്രട്ടറി)

ലിബിൻ ചാക്കോ തേവർവേലിൽ
(പെരുന്നാൾ കൺവീനർ)

ജോഷിൻ ഫിലിപ്പ് പനംതോട്ടത്തിൽ
(പബ്ലിസിറ്റി കൺവീനർ)

സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാന പ്രവർത്തകർ

പെരുന്നാൾ കാഴ്ചകൾ - 2022

പാവനസ്മരണ

Rev. Fr. P.K. Zachariah

അച്ചന്റെ ആത്മീയ സേവനങ്ങൾ:

തിരുവിതാംകോട് അരപ്പള്ളി
ആറാട്ടുപുഴ സെന്റ് മേരീസ് പള്ളി
മാരാമൺ സെന്റ് മേരീസ് പള്ളി
പറന്തൽ സെന്റ് ജോർജ് പള്ളി
ദേവലോകം അരമന മാനേജർ
കുണ്ടറ സെമിനാരി മാനേജർ
കുറ്റിയാനി സെന്റ് ജോർജ് പള്ളി
തവളപ്പാറ സെന്റ് തോമസ് പള്ളി

അനുഗ്രഹീത നാഴികക്കല്ലുകൾ

ചരിത്രപ്രസിദ്ധമായ തിരുവിതാംകോട് അരപ്പള്ളിയുടെ ആത്മീയ കാര്യങ്ങളും ഭരണപരമായ കാര്യങ്ങളും കൈകാര്യം ചെയ്യാൻ പരി.ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവ തിരുമേനി സക്കറിയ അച്ചനെ തിരഞ്ഞെടുത്തു. അച്ചന്റെ ആത്മീയ നൽവരങ്ങളും ശക്തമായ പ്രാർത്ഥനാ ജീവിതവും പള്ളിയെ അതിന്റെ ഓർത്തഡോക്സ് പൈതൃകവുമായി നന്നായി ബന്ധിപ്പിച്ചു

പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ പ്രേരണയാൽ അച്ചൻ തന്റെ പ്രവർത്തനം കോന്നി താവളപ്പാറയിലേക്കു മാറ്റി. അച്ചന്റെ പ്രാർഥനയാൽ അനുഗ്രഹം പ്രാപിച്ച ഒരു കുടുംബം, അച്ചന് അവിടെ 5 ഏക്കർ ഭൂമി സമ്മാനിച്ച് അവിടെ ഒരു ചെറിയ പള്ളി പണിതു, അനേകം വിശ്വാസികൾ ചേർന്നു. അച്ചൻ ഈ ഭൂമി തുമ്പമൺ ഭദ്രാസനത്തിനു സമ്മാനിച്ചിരുന്നു. ഈ അനുഗ്രഹീത ഭൂമിയിൽ സെൻറ് തോമസ് ആർട് & സയൻസ് കോളേജ് 2012 ൽ സ്ഥാപിതമായി.

RAPHA MEDCARE
"The Way to Healing"
GENERAL OP TIMINGS 6AM TO 10PM
FOR BOOKING 920 77 77 307

DEPARTMENTS
EMERGENCY MEDICINE • GYNAECOLOGY
ORTHOPAEDICS • PAEDIATRICS • GENERAL SURGERY

CONSULTATION WITH EXPERTS
CONSULTANT GYNECOLOGIST — DR. ANUPAMA S. NAIR — MBBS, MS (Obs & Gyn.) — Every Monday 4 pm to 5:30 pm
CONSULTANT ORTHOPAEDICS SURGEON — DR. MURALIKRISHNAN N — MBBS, MS (ORTHO.), D-ORTHO — Every Tuesday 4 pm to 5:30 pm
CONSULTANT ENT SPECIALIST — DR. SUMA MONI MATHEW — MBBS, Ms ENT, DNB MNAMS, PG Diploma, FICM (spolin) — Every Thursday 3 pm to 5 pm
CONSULTANT PAEDIATRICIAN — DR. ANSU SAM — MBBS, MD (Paediatrics) — Every Thursday 4 pm to 5:30 pm

CARRIER
STAFF NURSE | LAB TECHNICIAN
RECEPTIONIST | PRO | SECURITY
Send CV to info@raphamedcare.com

ഉടൻ ആരംഭിക്കുന്നു
24 HOUR SERVICE
CARDIOLOGY
CHEST PHYSICIAN

ഹോം ഹെൽത്ത് കെയർ
HOME CARE SERVICES
- BED SORE CARE
- WOUND CARE
- PHYSIOTHERAPY
- DAILY DRESSING
- CATHETER CHANGE
- LABORATORY SERVICES
- PHARMACY SERVICES
- AMBULANCE SERVICES

- അത്യാഹിത വിഭാഗം
- നഴ്സിംഗ് സേവനങ്ങൾ
- മെഡിക്കൽ സേവനങ്ങൾ
- സീനിയർ സിറ്റിസൺ സേവനങ്ങൾ
- ഹോം കെയർ പാക്കേജ്
- ലബോറട്ടറി, X-RAY സേവനങ്ങൾ

കാച്ചാണത്ത് എബനേസർ ബിൽഡിംഗ്, പേട്ട ജംഗ്ഷൻ, റാന്നി, പത്തനംതിട്ട
www.raphamedcare.com | info@raphamedcare.com | PH: 920 77 77 307

EXCELLENCE IN LABORATORY SERVICE
FULLY AUTOMATED
CLINICAL LABORATORY & ECG
QUALITY CONTROL BY CMC VELLOORE

പെർഫക്റ്റ് ഡയഗനോസ്റ്റിക് സെന്റർ
മെയിൻ റോഡ് സൈഡ്, പെരുമ്പുഴ, റാന്നി.
ഫോൺ: 04735 223050, 223049
ബ്രാഞ്ച് : വടശ്ശേരിക്കര. ഫോൺ : 04735 250650
അതിവിദഗ്ദ്ധമായ ടെക്നോളജിസ്റ്റുകളുടെ സൂക്ഷ്മ നിരീക്ഷണത്തിൽ ഫുള്ളി ഓട്ടോമാറ്റഡ് അനലൈസർ ഉപയോഗിച്ച് മിതമായ നിരക്കിൽ എല്ലാവിധ ലബോറട്ടറി പരിശോധനകളും നടത്തപ്പെടുന്നു.
Working Time: Ranni 6 am - 6 pm Sunday: 7.30 am - 1.30 pm

SREE DEEPAK TRADE LINKS
Kulathupuzha Road, Ezhamkulam
Ph: 9741379993, 6235047932
കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഐ കൂടുതിരി ബിൽഡിംഗ് മെറ്റീരിയൽസ് പാറ, മെറ്റൽ, എം-സാന്റ്, പി-സാന്റ്, പാറപൊടി എന്നിവ ഉത്തരവാദിത്വത്തോടെ കുടി മിതമായ നിരക്കിൽ വീട്ടിൽ എത്തിച്ചു നൽകുന്നു.

With Best Compliments
JOMON MUTTATHUKUNNEL
Managing Director
TOPGRIP
RETREADERS
Vechoochira, Pathanamthitta Dist, Kerala 686 511
7559888424, 7559044424
topgripretreadersvcra@gmail.com
www.topgripretreaders.com

With Best Compliments
TINO
Mob : 9400897236
9747652236
SKY MOBILES
PERUMPUZHA, RANNY
NOKIA Connecting People | SAMSUNG | VIVO Camera & Music | Redmi | iPhone
All kinds of mobile phone sales & computerised servicing
Unlocking Softwares etc.

21st Death Anniversary (11-05-2023)

T. V. THOMAS, THENMADATHIL
In Remembrance of our beloved Achachen
T V THOMAS & BROS.
PAINTS & HARDWARES
DEALERS IN: EVEREST ASBESTOS, RAMCO CEMENTS & ALL BUILDING AND ROOFING MATERIALS
THENMADATHIL STEELS
DEALERS IN: SANKAR CEMENT, EVEREST TMT, ANGLES, ROUNDS, FLATS ETC..
RANNI. Ph: 04735 226234
9961309755, 8547209066

THELLIYIL TRADERS
GENERAL MERCHANT
ANGADI - RANNI
Ph: 9847841578, 9605542938
പലചരക്ക്, സ്റ്റേഷനറി
പാൽ, തൈര്, കൂൾ ഡ്രിങ്ക്സ്
ബിരിയാണി ഐറ്റംസ്
കാലിത്തീറ്റ, കോഴിത്തീറ്റ...

HOME DELIVERY AVAILABLE

ST. GEORGE MEDICALS
MANNAMARUTHY, RANNY
ഇംഗ്ലീഷ്, ആയുർവേദ, വെറ്റിനറി മരുന്നുകൾ
FREE DELIVERY
ബേബി ഫുഡ് & ഡയപ്പർ, കോസ്മെറ്റിക് ഐറ്റംസ്
CONTACT US
96 05 53 84 90
94 00 79 84 90

9074105557
9744843496
GOPHER DEVELOPERS
ARCHITECTURAL - CIVIL CONSULTANTS & CONSTRUCTION
KUNNIRICKAL BUILDING, RANNY
gopherdevelopersranny@gmail.com
ARCHITECTURAL PLAN I ELEVATION DESIGN I INETERIOR DESIGN I STRUCURAL DESIGN
SANCTION DOCUMENTATION I BANK ESTIMATE I VALUATION

സഹദാ സത്യവിശ്വാസത്തിന്റെ കാവലാൾ

ഫാ. വിനോദ് ഫിലിപ്പ്
(ഇടവക പട്ടക്കാരൻ)

അദൃശ്യലോകത്തിലെ സഭയിൽപ്പെട്ടവരുമായുള്ള സംസർഗ്ഗം ഓർത്തഡോക്സ് സഭകളിൽ എവിടെപ്പോയാലും അനുഭവവേദ്യമാണ്. സഭയുടെ ഒരു ചെറിയ കൂട്ടം എവിടെ കൂടിയാലും അവിടെയെല്ലാം ശരീരത്തോടുകൂടിയ വിശ്വാസികളും അദൃശ്യസഭയിൽ ഉള്ളവരും പരിശുദ്ധ മാലാഖമാരും പരിശുദ്ധ ത്രിത്വത്തെ ഒന്നായി സ്തുതിക്കുന്നു. വിശ്വാസത്തിനു വേണ്ടി മരിക്കുന്നവരെയാണ് രക്ത സാക്ഷികൾ അഥവാ 'സഹദാ' എന്ന നാമത്തിൽ അറിയപ്പെടുന്നത്. സഹദാ ആയി അംഗീകരിക്കപ്പെടുന്ന ആദ്യ ക്രൈസ്തവൻ വി. സ്തേഫാനോസ് ആകുന്നു. വിഗ്രഹാരാധിയായിരുന്ന ഡയോക്ലിഷൻ ചക്രവർത്തിയുടെ താൽപര്യങ്ങൾക്കുവേണ്ടി സ്വന്തം വിശ്വാസത്തെ തളളിപ്പറയാതെ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ച് നിൽക്കുകയും അവസാനം രക്തസാക്ഷി മരണം പ്രാപിക്കുകയും ചെയ്ത ഗീവർഗീസ് സഹദായുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും ഇന്ന് അനേകർക്ക് അനുഗ്രഹങ്ങളെ ചൊരിയുന്നു.

ഡയോക്ലിഷൻ ചക്രവർത്തിയുടെ ക്രിസ്തീയ പീഡനം വർദ്ധിച്ചതിൽ മനംനൊന്ത് പട്ടാളത്തിലെ ഉന്നത സ്ഥാനം രാജിവെച്ച് ഒരു പൂർണ്ണ സമയ സുവിശേഷ പ്രവർത്തകനായി മാറി. ചക്രവർത്തിയുടെ കോപത്തിന് ഇരയായ ഇദ്ദേഹം വളരെയധികം പീഡിപ്പിക്കപ്പെടുകയും എ.ഡി 303 ഏപ്രിൽ 23-ാം തീയതി രക്തസാക്ഷി മരണം പ്രാപിക്കുകയും ചെയ്തു.

സെലിൻ പട്ടണത്തിൽ സുവിശേഷ പ്രചരണാർത്ഥം എത്തിയ ഗീവർഗീസ് സഹദാ ഭീകര സർപ്പത്തിൽ നിന്നും ജനത്തെ മോചിപ്പിക്കുന്നു. ഒരു മുൻ പട്ടാളക്കാരൻ എന്നതിനെക്കാൾ പ്രാർത്ഥനയും ഉപവാസവും ആയുധമാക്കിയ ഒരു വലിയ സുവിശേഷ പോരാളി എന്ന നിലയിലാണ് ഭീകര സർപ്പത്തെ തോല്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞത്. സിംഹത്തിന്മേലും അണലിമേലും നീ ചവിട്ടും ബാലസിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിച്ചുകളയും (സങ്കീ:91: 13). സർപ്പത്തിന്റെ രൂപത്തിൽ എത്തുന്ന പിശാചിനെ നിഗ്രഹിക്കുന്ന സഹദായെയാണ് എല്ലാവർക്കും ചിരപരിചയം. എന്നാൽ സകല തിന്മകളുടെയും മൂർത്തീഭാവമായ പാപത്തെ സഹദാ നിഗ്രഹിക്കുന്നതാണ് ഈ ചിത്രത്തിന്റെ രീതിശാസ്ത്രം. ഇന്ന് അനേകർക്ക് ധനത്തോടും അധികാരത്തോടുമുള്ള ആസക്തി വർദ്ധിച്ച് പാപത്തിന്റെ ആഴങ്ങളിലേക്ക് പതിക്കുമ്പോൾ സഹദായുടെ തിന്മയുടെ മേലുള്ള വിജയം നന്മയാൽ തിന്മയെ ജയിക്കുക എന്നതിന് ഉദാഹരണമാണ്. "എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ, സഹോദരന്മാരെയോ, അപ്പനെയോ, മക്കളെയോ, നിലങ്ങളെയോ വിട്ടാൽ ഈ ലോകത്തിൽ തന്നെ ഉപദ്രവങ്ങളോടും കൂടെ നൂറു മടങ്ങു വീടുകളെയും സഹോദരന്മാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല എന്ന് ഞാൻ സത്യമായിട്ടും നിങ്ങളോടു പറയുന്നു." (വി. മർക്കോസ് 10:29-30) ക്രിസ്തുവിനുവേണ്ടി പീഡകളും രക്തസാക്ഷി മരണവും വരിച്ച അന്ത്യത്തോളം വിശ്വസ്തനായിരുന്ന വിശുദ്ധ ഗീവർഗീസ് സഹദാ ഇന്നും ദൈവസന്നിധിയിൽ വിശ്വാസികളുടെ ഒരു വലിയ മദ്ധ്യസ്ഥനായി നില കൊള്ളുന്നു. "വിളിച്ചാൽ വിളികേൾക്കുന്ന സഹദാ" എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്നതാണ് കുറ്റിയാനി പളളിയിലെ സഹദാ സാന്നിദ്ധ്യം. ഈ ദേശത്തിന്റെ സഹദായായ മാർ ഗീവർഗീസിന്റെ മദ്ധ്യസ്ഥതയിൽ പാപികൾ മോചനം പ്രാപിക്കുന്നു. രോഗികൾ സൗഖ്യം പ്രാപിക്കുന്നു. പിശാചു ബാധിതർ മോചിതരാകുന്നു.

ക്രൈസ്തവ ധർമ്മത്തിന് എതിരായി സ്വന്തം കാര്യത്തിനും സ്വാർത്ഥ ലാഭത്തിനും വേണ്ടി സകല തിന്മകളും കാട്ടിക്കൂട്ടുന്ന ആധുനിക സമൂഹത്തിൽ ദൈവീക സാക്ഷ്യത്തിനു വേണ്ടി സ്വയം പരിത്യാഗിയായ സഹദാ ഏവർക്കും മാതൃകയും സഹദായുടെ പ്രാർത്ഥന ഏവർക്കും കാവലും കോട്ടയുമായിരിക്കട്ടെ!

കർത്തവിശുദ്ധിയുടെ വഴിവെട്ടങ്ങളാകാം

ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത
(യുവജനപ്രസ്ഥാനം പ്രസിഡന്റ്)

വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമപെരുന്നാളിനോടനുബന്ധിച്ച് നമ്മുടെ റാന്നി കുറ്റിയാനി സെന്റ് ജോർജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഒരു സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നാം സന്തോഷിക്കുന്നു. തന്റെ ഇഹലോകവാസം വെടിഞ്ഞ് സ്വർഗീയ മഹോന്നതങ്ങളിൽ മഹനീയ മദ്ധ്യസ്ഥനായി നിലകൊള്ളുന്ന ആ പരിശുദ്ധ സഹദായുടെ പ്രാർത്ഥനയിലും ജീവിതനിഷ്ഠയുടെ മൂല്യങ്ങളിലും നമുക്കോരോരുത്തർക്കും അഭയപ്പെടാം.

സ്വന്തം കഴിവിലും ഭൗതിക സമ്പാദ്യങ്ങളിലും ആശ്രയിച്ച് സുഖത്തിനു വേണ്ടി ലക്ഷ്യപ്രാപ്തിയിൽ എത്തുന്ന മനുഷ്യന് തന്റെ ഭാവി - ഭൂത - വർത്തമാന കാലങ്ങളിൽ സമീക്ഷണ മൂല്യങ്ങളെ പ്രകാശമയമാക്കുവാൻ സാധിക്കാതെ പോകുന്നു. അങ്ങനെയുള്ളവരെ ലോകം സമർത്ഥരെന്നോ കുലീനർ എന്നോ മുദ്രയിട്ടാലും പ്രകാശ സമഷ്ഠതയെ ജ്വലിപ്പിക്കാൻ സാധിക്കാതെ പോകുന്നുണ്ട്. എന്നാൽ ഭൗതീക സമ്പാദ്യങ്ങളെ നിശബ്ദമാക്കുകയും ആത്മീയ സമ്പാദ്യങ്ങളെ പ്രോജ്വലിപ്പിക്കുകയും ചെയ്യുന്ന അപൂർവം ചില വ്യക്തിത്വങ്ങളുണ്ട്. അവർ മൺചിരാതുകൾ പോലെ പ്രകാശിച്ചാലും യുഗങ്ങൾക്ക് ശോഭ നൽകാനുള്ള ഊർജ്ജം അവരിൽ നിന്ന് ഉണ്ടാകും. ആ അഭൗമിക തേജസിലേക്ക് അനേകർ വന്നണയുകയും ജീവിതത്തിലുണ്ടാകുന്ന വൈതരണികളെ തരണം ചെയ്യുവാൻ മാനവൻ ഈ വെളിച്ചത്തെ വഴി വെട്ടമാക്കുവാൻ ശ്രമിക്കുകയും ചെയ്യും. അവർ മഹനീയർ, ശ്രേഷ്ഠർ വിശുദ്ധർ പരിശുദ്ധർ തുടങ്ങിയ ആഴമാർന്ന ആത്മീയ പ്രയോഗങ്ങളാൽ സമ്പുഷ്ടരായിക്കും. ഇങ്ങനെ സ്വർഗീയതയിൽ ദൈവിക ശ്രേഷ്ഠതയുടെയും, മാനവ ഹൃദയങ്ങളിൽ അംഗീകാരത്തിന്റെയും ആത്മീയ പ്രകാശയവനിയ ഉയർത്തിയ മഹാ വിശുദ്ധനാണ് ഗീവർഗീസ് സഹദാ.

വി. ഗീവർഗീസ് സഹദാ, പ്രാർത്ഥനയും ഉപവാസവും സഹനവും ജാഗ്രതയും നിഷ്ഠയും വിശ്വാസവും കരുണയും സഹാനുഭൂതിയും നന്മയും സത്യവും നീതിയും മാനുഷിക ജീവിതത്തിലൂടെ ആത്മീയ നഭസിൽ സന്നിവേശിപ്പിച്ച പരിശുദ്ധനായിരുന്നു. ക്രിസ്തു പാതയ്ക്ക് അനുരൂപമല്ലാത്തതിൽ നിന്ന് മാറി നടക്കുകയും അങ്ങനെ മാറി നടക്കാൻ കാലത്തെ പ്രേരിപ്പിക്കുകയും ചെയ്തു എന്നതാണ് ആ വിശുദ്ധന്റെ ജീവിത കർമം.

അപരന്റെ വേദനകളെ ഉൾക്കൊണ്ട് സാന്ത്വനം നൽകുവാനും സാമൂഹിക പ്രതിബദ്ധതയിൽ കാർമ്മികനാകുവാനും, അശരണരെ ചേർത്തു പിടിക്കുവാനും വി. ഗീവർഗീസ് സഹദാ തന്റെ ജീവിതകാലത്ത് ശ്രമിക്കുകയും ജീവിതത്തെ കർമവിശുദ്ധിയാൽ അലങ്കരിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ വാക്കുകളും ഉപദേശങ്ങളും അത്ഭുതങ്ങളും രൂപപ്പെട്ടത് മുന്നിൽ നിൽക്കുന്നവന്റെ സങ്കടങ്ങളിൽ നിന്നായിരുന്നു. ക്രിസ്തുവിന്റെ പാതയിൽ അണുവിട വ്യതിചലിക്കാത്ത ഈ വിശുദ്ധൻ അപരന്റെ ധർമ സങ്കടങ്ങളിൽ ആശയ കനിയായി പരിവർത്തിച്ചിരുന്നു, ഇന്നും പരിവർത്തിച്ചു കൊണ്ടേയിരിക്കുന്നു.

പ്രിയമുള്ളവരെ വി. ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച്, ആത്മീയ കർമ്മങ്ങൾക്ക് രൂപവും ഭാവവും ജീവനും നൽകുവാനും സാമൂഹിക പ്രതിബന്ധതയുടെ നാൾ ചരിത്രം രചിക്കുവാനുമുള്ള പുണ്യ ദിനങ്ങളാക്കി ഈ പെരുന്നാൾ സുദിനങ്ങളെ നമുക്ക് ശ്രേഷ്ഠമാക്കാം ■

Printed & Published by: OCYM, St. George Orthodox Church, Kuttiyani Designed & Printed at : Shaji George, DSN Pathanamthitta. Ph: 9656404150